**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2230** **11-10-2021 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി സേവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വാതിൽപ്പടി സേവനം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്നുമുതൽ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ; | (എ) | പ്രായാധിക്യം, ഗുരുതര രോഗം, അതിദാരിദ്ര്യം തുടങ്ങിയ പലവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ യഥാസമയം കൃത്യമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് ആശ്വാസമായി അവരുടെ വീടുകളിൽ സർക്കാർ സേവനങ്ങളും ജീവൻ രക്ഷാമരുന്നും എത്തിക്കുന്നതിനു വേണ്ടി രൂപം നൽകിയിട്ടുള്ളതാണ് വാതിൽപ്പടി സേവനം പദ്ധതി. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയകേന്ദ്രങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ സഹകരണത്തോടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനെ നടപ്പിലാക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്ക ന്നത്. പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 50തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (38 ഗ്രാമ പഞ്ചായത്തുകളിലും 12നഗരസഭകളിലും) ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് വകുപ്പിനാണ്; പദ്ധതിയുടെ നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പദ്ധതിയുടെ നടത്തിപ്പ് ചുമതല തദ്ദേശസ്വയം ഭരണ വകുപ്പിനാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി വാർഡ് തല ത്തിലും തദ്ദേശ സ്ഥാപനതലത്തിലും ജില്ലാ തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വാതിൽപ്പടി സേവന പദ്ധതി നടത്തിപ്പിന്റെ സംസ്ഥാനതല ഏകോപന മേൽനോട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാനതല കോ-ഓർഡിനേറ്ററായ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാന സെൽ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്നവർക്ക് ഓണറേറിയമോ, യാത്രാ ചെലവ് ഉണ്ടാകുമെങ്കിൽ അതോ നൽകുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? | (സി) | സേവനം നൽകുന്ന സന്നദ്ധ പ്രവർത്ത കർക്ക് പ്രതിപൂരണ (Reimbursement) തുക, യാത്രാ ചെലവ് എന്നിവ അനുവദിക്കുന്നതിന് 22/09/2021 തീയതിയിലെ സ.ഉ.(സാധാ) നം.1821/2021/ ത.സ്വ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ